**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5077** **20-07-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫിസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫിസിന്റെ പ്രവർത്തനം സംബന്ധിച്ച പരിശോധന ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. നൽകിയ കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫിസിന്റെ പ്രവർത്തനം സംബന്ധിച്ച പരിശോധന ആവശ്യപ്പെട്ടുകൊണ്ട് ബഹു.എം.എൽ.എ 29.02.2022 തീയതിയിൽ സമർപ്പിച്ച കത്ത് കൊല്ലം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുള്ളതും കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ തഹസീൽദാരുടെ റിപ്പോർട്ട് ജില്ലാ കളക്ടർ തേടുകയും തുടർന്ന് പരാതി സംബന്ധിച്ച് കൊല്ലം കളക്ടറേറ്റ് പരിശോധനാ വിഭാഗം സീനിയർ സൂപ്രണ്ട് 05.03.2022 തീയതിയിൽ വില്ലേജിൽ നേരിട്ട് ഹാജരായി നടത്തിയ പരിശോധനയിൽ പ്രസ്തുത പരാതിക്ക് ആസ്പദമായ പ്രശ്നം പരിഹരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുമുണ്ട്. അന്വേഷണ സമയത്തു തന്നെ പരാതിക്കാസ്പദമായ വിഷയം പരിഹരിക്കപ്പെട്ടിരുന്നതിനാൽ തുടർനടപടികൾ വേണ്ടി വന്നില്ല. |
| (ബി) | പ്രസ്തുത കത്തുമായി ബന്ധപ്പെട്ട വസ്തുതകൾ പരിശോധിക്കാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അന്വേഷണ ഘട്ടത്തിൽ സ്ഥലം എം.എൽ.എ. യോട് വസ്തുതകൾ ആരാഞ്ഞിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | (എ) യുടെ മറുപടി |
| (സി) | പ്രസ്തുത അന്വേഷണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | പരാതി പരിഹരിച്ചു എന്നുള്ള വിവരം 01.06.2022 തീയതിയിൽ പരാതിക്കാരനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ